പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2277 **27-10-2026-ൽ മറുപടിയ്ക്ക്**

കയർ വ്യവസായം സംരക്ഷിക്കുന്നതിന് പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എസ്. അരുൺ കുമാർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കയർ വ്യവസായം സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

മറുപടി: കയർ വ്യവസായം സംരക്ഷിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(1) Production and Marketing Incentive Scheme:

കയർ മേഖലയിൽ ഉല്പന്നങ്ങളുടെ സ്ഥായിയായ ഉല്പാദനം നിലനിർത്തുക, വിപണനം മെച്ചപ്പെടുത്തുക, അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രാഥമിക കയർ സംഘങ്ങൾക്ക് ഓരോ വർഷത്തെയും ആകെ വിൽപ്പന വിലയുടെ 10% Production and Marketing Incentive ആയി നേരിട്ട് നൽകുന്നു.

(2) Marketing Development Assistance:

കേന്ദ്ര പദ്ധതിയായ Marketing Development Assistance സബ്സിഡി തുകയുടെ 50% കേന്ദ്ര സർക്കാരും 50% സംസ്ഥാന സർക്കാരും വഹിക്കുന്നു. പ്രചാരണം, പുതിയ പ്രദർശന/ വിൽപ്പനശാലകൾ, നിലവിലുള്ള വിൽപ്പനശാലകളുടെ നവീകരണം, ഗോഡൗണുകൾ, വിപണിയെ കുറിച്ചുള്ള പഠനം, ഡിസ്കൗണ്ട് കൊടുക്കൽ ഉൾപ്പെടെ വിപണന തന്ത്രങ്ങൾ, ഇ-കൊമേഴ്സ് സൗകര്യങ്ങളുടെ ആരംഭം കുറിക്കൽ, ഡിസൈൻ സൗകര്യങ്ങളുടെ നവീകരണം എന്നിവയ്ക്ക് തുക വിനിയോഗിക്കുന്നു.

(3) പ്രവർത്തനമൂലധനം, Managerial Subsidy

കയർവില യഥാസമയം ലഭ്യമല്ലാത്ത സാഹചര്യത്തിൽ, അസംസ്കൃത വസ്തുവായ ചകിരിനാര് വാങ്ങുന്നതിനും, ഉൽപ്പാദനം കൂട്ടുന്നതിനോടൊപ്പം തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനം ലഭ്യമാക്കുന്നതിനും വേണ്ടി, നിലവിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പ്രവർത്തനമൂലധനം അനുവദിച്ചു നൽകുന്നു. പ്രവർത്തനമൂലധനം നൽകിക്കൊണ്ട് കയർ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇത് കയർ സഹകരണ സംഘങ്ങൾക്ക് അവരുടെ നഷ്ടം കുറയ്ക്കാൻ സഹായിക്കും. സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. പ്രവർത്തന മൂലധനവും മാനേജ്മെന്റ് സഹായവും നൽകികൊണ്ട് കയർ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. സ്പിന്നിംഗിന്റെയും

ഉൽപ്പന്ന മേഖലയുടെയും മൊത്തത്തിലുള്ള ഉൽപ്പാദനം വർധിപ്പിക്കുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. കയർ തൊഴിലാളികൾക്കുള്ള ഇൻഷുറൻസ് പദ്ധതിയ്ക്കുള്ള പിന്തുണ, ഇലക്ട്രിസിറ്റി സബ്സിഡി എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

(4) വിലവ്യതിയാന സ്ഥിരതാ ഫണ്ട്:

ചകിരി, കയർ, കയർ ഉല്പന്നങ്ങൾ എന്നിവയു ടെ വില സ്ഥിരതയാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കയർഫെഡ്, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ കോർ പ്പറേഷൻ എന്നിവയ്ക്ക് ഉൽപ്പാദന ചെലവിന് തുല്യമായ വില നൽകി സഹകരണ സ്ഥാപനങ്ങളിൽ നിന്ന് ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് പ്രാപ്തമാക്കാനും വിപണി വിലയ്ക്ക് വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടം നികത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ, ചെറുകിട ഉല്പാദകർ, അപ്പക്സ് സ്ഥാപനങ്ങൾ എന്നിവർക്ക് നേരിട്ട്പ്രയോജനം ലഭിക്കുകയും നിയമാനുസൃത വേതനം ഉറപ്പാക്കുന്നതിലൂടെ മുഴുവൻ കയർ തൊഴിലാളികൾക്കും പരോക്ഷമായി പ്രയോജനം ലഭിക്കുകയും ചെയ്യും. കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവ മുഖാന്തിരം വാങ്ങുന്ന സാധനങ്ങൾക്ക് മാത്രമാണ് ഈ പദ്ധതി ബാധകമാവുക.

(5)പരിശീലനവും മാനേജ്മെൻറ് മെച്ചപ്പെടുത്തലും :

കയർ വികസന വകുപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ സഹകരണ സംഘങ്ങൾ , മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർക്കും തൊഴിലാളികൾക്കും മികച്ച പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(6) Material Bank:

കയർ വ്യവസായമേഖലയിൽ അസംസ്കൃതവസ്തുവായ ചകിരിനാരിന്റെ ലഭ്യതക്കുറവ് ഒരു പ്രതിസന്ധിയായി നിലനിൽക്കുന്നു. ഇത് പല കയർപിരി സംഘങ്ങളുടെയും പ്രവർത്തനം നിലച്ചു പോകുന്നതിനും കാരണമാകുന്നു. ഈ പ്രശ്നത്തിന് ഒരു പരിഹാരമെന്ന നിലയിലാണ് Material Bank for Coir Fibre എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(7) കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും :

കയർ മേഖലയിൽ പുതിയ ഉൽപ്പന്നങ്ങളും സേവനങ്ങളും കൊണ്ടുവരാൻ കഴിയുന്ന ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. കയർ മേഖലയെ മൊത്തത്തിൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ഗവേഷണ-വികസന പ്രവർത്തനങ്ങൾക്ക് ഒപ്പം, ഈ മേഖലയിലെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ഗവേഷണ-വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ പദ്ധതി ഉദ്ദേശിക്കുന്നു. യന്ത്രവത്ക്കരണത്തിലും, സാങ്കേതിക വിദ്യകളിലും നൂതനത്വം കൊണ്ടുവരിക, ഉയർന്ന മൂല്യവർദ്ധനവോടെ വൈവിധ്യമാർന്ന കയറുല്പന്നങ്ങൾ ഉത്പാദിപ്പിക്കുക, ഉത്പന്ന രൂപകൽപ്പന, പ്രൊഫഷണലുകളെ/സാങ്കേതിക വിദഗ്ദരെ നിയമിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങൾ/സർവകലാശാലകൾക്ക് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഗ്രാന്റുകൾ നൽകുക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, എൻ.സി.ആർ.എം.ഐ യ്ക്ക് പദ്ധതി അടിസ്ഥാനമാക്കിയും പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള ചെലവുകൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ.

(8) കയർ ഭൂവസ്ത്ര വികസന പരിപാടി :

പ്രകൃതിദത്തവും പരിസ്ഥിതി സൗഹൃദവുമായ മണ്ണൊലിപ്പ് നിയന്ത്രണ മാർഗമാണ് കയർ ഭൂവസ്ത്രങ്ങൾ. സമഗ്രമായ കയർ ജിയോ ടെക്സ്റ്റൈൽസ് വികസന പരിപാടിയിൽ ജിയോ ടെക്സ്റ്റൈൽസിന്റെ പുതിയ ഉൽപ്പന്നങ്ങളും ആപ്ലിക്കേഷനുകളും വികസിപ്പിക്കൽ, ജിയോ ടെക്സ്റ്റൈൽസ് ഒരു സ്റ്റാൻഡേർഡ് എഞ്ചിനീയറിംഗ് മെറ്റീരിയലായി ഉപയോഗിച്ചുള്ള മാതൃകാ പദ്ധതികൾ, ഇത് സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടികൾ, ഗവേഷണ-വികസനത്തെ ശക്തിപ്പെടുത്തൽ, ജിയോ-ടെക്സ്റ്റൈൽസ് ഓറിയന്റേഷൻ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

(9) വരുമാനം ഉറപ്പാക്കൽ പദ്ധതി :

സംസ്ഥാനത്തെ കയർ മേഖലയിലെ പരമ്പരാഗത തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്.ഈ പദ്ധതി പ്രകാരം 110/- രൂപ സർക്കാർ ഗ്രാന്റ് ആയും നൽകുന്നുണ്ട്.

(ബി) കയർ വ്യവസായം സംരക്ഷിക്കുന്നതിന് 2021-26 കാലയളവിൽ സംസ്ഥാന സർക്കാർ നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മറുപടി: വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമ നം.	പദ്ധതികൾ	ചിലവാക്കിയ തുക (ലക്ഷത്തിൽ)				
		2021-22	2022-23	2023-24	2024-25	2025-26
1	വിപണനം പരസ്യ പ്രചാരണ വ്യാപാര പ്രവർത്തനങ്ങൾ എക്സ്ബിഷനുകൾ എന്നിവയ്ക്ക്, ഷോറൂമുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം	406.725	284.185	45.988	23.990	74.914
2	(a) കയറും കയർ ഉൽപ്പന്നങ്ങൾക്കുമുള്ള വിപണി വികസന സഹായം (50%) (മാച്ചിങ് ഫണ്ടായി കേന്ദ്ര വിഹിതം	1085.823	0	390	375.841	36.969
	(b) കയറും കയർ ഉൽപ്പന്നങ്ങൾക്കുമുള്ള വിപണി വികസന സഹായം (50%) (മാച്ചിങ് ഫണ്ടായി)സംസ്ഥാന വിഹിതം	700	900	1000	1000	1000
3	കയർ ഭ്രവസ്തുവികസന പരിപാടി	42	54.093	34.649	39.774	9.189
4	കയർ സാങ്കേതികവിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം	489.845	496.14	246.144	165.683	90.384
5	(a)കയർ വ്യവസായത്തിന്റെ യന്ത്രവത്കരണവും പശ്ചാത്തലവികസനവും, കയർ വ്യവസായത്തിലെ നിയന്ത്രിതയന്ത്രവത്കരണം (2851-00-106-75)	1766.963	1232.052	1206.760	724.190	290.141
	(b)കയർ വ്യവസായത്തിന്റെ യന്ത്രവത്കരണവും പശ്ചാത്തലവികസനവും, കയർ വ്യവസായത്തിലെ നിയന്ത്രിതയന്ത്രവത്കരണം (4851-00-106-77)	276.539	0	51.801	41.605	191.020
6	പരിശീലനവും മാനേജ്മെന്റ്	82.80	149.841	150.425	90.716	97.896

	മെച്ചപ്പെടുത്തലും					
7	ഉത്പാദനവും വിപണനപ്രചോദനവും	1174.33	928.196	828.252	640.039	718.286
8	വിലവ്യതിയാന സ്ഥിരതാ ഫണ്ട്	3800	3516.745	3005.261	4205.968	2402
9	കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം	8	8	11.988	5.224	0
10	കയർ മേഖലയിലെ ക്ലസ്റ്റർ വികസനപരിപാടിയും തൊണ്ട് ശേഖരണപരിപാടിയും	0	0	0	0	30.322
11	കയർ വ്യവസായത്തിന്റെ പുന:സംഘടന രണ്ടാം ഘട്ടം	3236.364	2598.974	614.979	12.199	1395
12	കയർ പ്രോജക്ട് ഓഫീസുകളുടെ നവീകരണം	2.86	50	45.530	9.268	17.082
13	കയർ അപെക്സ് ബോഡിക്കുള്ള ധനസഹായം	10	8	8	–	–
14	കയർ ഉത്പാദന സൊസൈറ്റികളുടെ പുനക്രമീകരണവും മാനേജീരിയൽ സബ്സിഡിയും	–	–	249.55	196.2	695.750
	ആകെ	**13082.249**	**10226.226**	**7889.327**	**7530.697**	**6548.953**